**യോഹന്നാന്റെ ജീവ-പഠനം**

**ദൂത് പതിനാറ്**

**വിശക്കുന്നവരുടെ ആവശ്യം—ജീവന്റെ പോഷണം (2)**

**തിരുവെഴുത്ത് വായന: യോഹന്നാൻ 6:1-**

C. **ജീവൻ, മനുഷ്യന്റെ സകല അവസ്ഥയുടെയും ആവശ്യത്തെ നിറവേറ്റുന്നു—2:23—11:57**

5. **വിശക്കുന്നവന്റെ ആവശ്യം—ജീവന്റെ പോഷണം—6:16-21**

b. അസ്വസ്ഥമായ ലോകവും സമാധാനം നൽകുന്ന ക്രിസ്തുവും—വാ. 16-21

6:16 സന്ധ്യയായപ്പോൾ, അവന്റെ ശിഷ്യന്മാർ കടൽപ്പുറത്തേക്ക് ഇറങ്ങിച്ചെന്നു,

6:17 അവർ ഒരു പടകിൽ കയറി, കഫർന്നഹൂമിലേക്കു കടൽ മുറിച്ചുകടക്കുവാൻ തുടങ്ങി. അപ്പോഴേക്കും ഇരുട്ടായിത്തീർന്നിരുന്നു, യേശു അപ്പോഴും അവരുടെ അടുക്കൽ വന്നിട്ടില്ലായിരുന്നു.

6:18 ശക്തമായി കാറ്റടിക്കുന്നതുകൊണ്ട് കടൽ ക്ഷോഭിക്കുകയായിരുന്നു.

6:19 പിന്നെ അവർ ഏകദേശം ഇരുപത്തഞ്ചോ മുപ്പതോ സ്റ്റഡിയ തുഴഞ്ഞപ്പോൾ, യേശു, കടലിന്മേൽ നടന്നുകൊണ്ട് പടകിനു സമീപത്തേക്ക് വരുന്നത് കണ്ടു, അവർ ഭയപരവശരായി.

6:20 എന്നാൽ അവൻ അവരോട്, ഇതു ഞാനാകുന്നു. ഭയപ്പെടേണ്ട, എന്നു പറഞ്ഞു.

6:21 അപ്പോൾ അവനെ പടകിലേക്കു കയറ്റുവാൻ അവർ ഇച്ഛിച്ചു; ഉടനെ അവർ പോകുകയായിരുന്ന ദേശത്ത് പടക് എത്തി.

**തിങ്കൾ:**

**പഠന രൂപരേഖ:**

**II. ക്ലേശം നിറഞ്ഞ ലോകവും സമാധാനം നൽകുന്ന ക്രിസ്തുവും—യോഹ. 6:16-21**

- ക്ലേശം നിറഞ്ഞ ഈ ലോകത്തിലേക്ക് ക്രിസ്തു സമാധാനദായകനായ ക്രിസതുവായി വരുന്നു

A. **ക്ഷോഭിച്ച കടലും വീശുന്ന കാറ്റും മനുഷ്യജീവിതത്തിലെ ക്ലേശങ്ങളെ സൂചിപ്പിക്കുന്നു**

B. **കടലിന്മീതെയുള്ള യേശുവിന്റെ നടപ്പ് മനുഷ്യജീവിതത്തിന്റെ എല്ലാ ക്ലേശങ്ങളെയും കീഴടക്കുന്നതിനെ സൂചിപ്പിക്കുന്നു**

1. യേശു കടലിനുമീതെ നടന്നത് മനുഷ്യജീവിതത്തിന്റെ എല്ലാ ക്ലേശങ്ങളെയും കർത്താവിന് കീഴടക്കുവാൻ കഴിയുമെന്ന് ഇത് സൂചിപ്പിക്കുന്നു.
2. ശിഷ്യന്മാർ അവനെ പടകിലേക്ക് സ്വീകരിച്ചപ്പോൾ, ഉടനെ പടക് അവർ പോകുന്ന ദേശത്ത് എത്തി-5:21
3. സമാധാന പൂർണ്ണമായ ഒരു ജീവിതത്തിനായ് നാം കർത്താവിനെ നമ്മുടെ "പടകിലേക്ക്" സ്വീകരിക്കണം

III. **ജീവന്റെ അപ്പം**

**A. നശിച്ചുപോകുന്ന ആഹാരം അന്വേഷിക്കുന്നവർ**

1. 22 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ നശിച്ചു പോകുന്ന ആഹാരം അന്വേഷിക്കുന്നവരെ നാം കാണുന്നു. അവർ സംതൃപ്തി അന്വേഷിക്കുകയായിരുന്നു.
2. അവർ ദൈവത്തിനുവേണ്ടി ചിലതെല്ലാം ചെയ്യുവാനും പ്രവർത്തിക്കുവാനും കൂടാതെ അവർ അടയാളങ്ങളും അത്ഭുതങ്ങളും അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു.
3. നശിച്ചുപോകുന്ന ആഹാരത്തിനായി അന്വേഷിക്കുന്നതിനുള്ള മറുപടി കർത്താവിൽ വിശ്വസിച്ചുകൊണ്ട് അവനെ സ്വീകരിക്കണം എന്നതാണ്—6:29

**B. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം**

1. മനുഷ്യന് ജീവൻ നൽകുവാനായ് ജഡാവതാരം ചെയ്ത് മനുഷ്യന്റെ അടുക്കലേക്ക് വരുന്നു—വാ. 35-51
   a. അതിനായ് ഒന്നാമത് അവൻ ജഡാവതാരത്താൽ "സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നു" (6:33,88,41,42,50,51,58)

**ചൊവ്വ:**

2. മനുഷ്യന് ഭക്ഷിക്കുവാനായ് അറുക്കപ്പെടുന്നു
   a. കർത്താവിന്റെ മരണം, ഭക്ഷണമായി നാം അവനിൽ പങ്കാളിയാകുവാൻ അവനെത്തന്നെ നമുക്ക് ലഭ്യമാക്കുവാനുള്ള അവന്റെ രണ്ടാമത്തെ പടിയായിരുന്നു
   b. അവന്റെ മരണം അവന്റെ രക്തത്തെ അവന്റെ മാംസത്തിൽനിന്ന് പൂർണമായ് വേർപ്പെടുത്തിയ മരണമായിരുന്നു. ഇതിന്റെ മുൻകുറി യെഹൂദന്മാർ പെസഹാ കുഞ്ഞാടിനെ അറുക്കുന്നതിൽ കാണുന്നു.
   c. യോഹന്നാൻ 6 ന്റെ പാശ്ചാത്തലം പെസഹാ ആണ്. യഥാർത്ഥ കുഞ്ഞാട് കർത്താവാണെന്ന് അവർ മനസ്സിലാക്കണമെന്ന് കർത്താവ് ആഗ്രഹിച്ചു.
   d. അവന്റെ മാംസം ഭക്ഷിക്കുക എന്നാൽ നമുക്കായി തന്റെ ശരീരം നൽകിക്കൊണ്ട് അവൻ ചെയ്തതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുക എന്നാണ്.
   e. അവന്റെ രക്തം കുടിക്കുക എന്നാൽ നമുക്കായി തന്റെ രക്തം ചിന്തുകയാൽ അവൻ നിർവ്വഹിച്ചതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുക എന്നാണ്.
   f. ഇത്തരത്തിൽ അവന്റെ മാംസം ഭക്ഷിക്കുന്നതും അവന്റെ രക്തം പാനം ചെയ്യുന്നതും ക്രൂശിന്മേൽ അവൻ നമുക്കായി ചെയ്തവയിൽ വിശ്വസിക്കുന്നതിനാൽ, ജീവനായും ജീവസഹായമായും അവന്റെ വീണ്ടെടുപ്പിൽ അവനെ നാം സ്വീകരിക്കുവാനാണ്.
3. നിവസിക്കുന്നതിനായ് ഉയിർത്തെഴുന്നേറ്റു
   a. നമ്മുടെ ജീവനായി കർത്താവ് അവനെത്തന്നെ ലഭ്യമാക്കുവാനായി ചെയ്ത മൂന്നാമത്തെ പടിയാണ് പുനരുത്ഥാനം.
   b. യോഹന്നാൻ 6-ൽ "ജീവന്റെയും" "ജീവനുള്ളതിനെയും" കുറിച്ച് കർത്താവ് പലവട്ടം പ്രതിപാദിക്കുന്നു.
   c. ജീവന്റെ അപ്പം പരാമർശിക്കുന്നത് അപ്പത്തിന്റെ പ്രകൃതത്തെ, അതായത് ജീവനെ ആണ്. ജീവനുള്ള അപ്പം പരാമർശിക്കുന്നത് അപ്പത്തിന്റെ അവസ്ഥയെ, അതായത് ജീവനുള്ളത് എന്നതിനെയാണ്

   d. അവൻ ജീവനുള്ള അപ്പമാണ്. അവൻ ക്രൂശിക്കപ്പെടുകയും അറുക്കപ്പെടുകയും ചെയ്തുവെങ്കിലും, അവൻ ഇപ്പോഴും ജീവിക്കുന്നു. പുനരുത്ഥാനത്തിൽ ജീവിക്കുന്നവൻ അവൻ മാത്രമാണ്

**ബുധൻ:**

4. ആരോഹണം ചെയ്തു
5. ജീവൻ നൽകുന്ന ആത്മാവായിത്തീരുന്നു
   a. ഉയിർപ്പിനു ശേഷവും ഉയിർപ്പിലൂടെയും ജഡമായിത്തീർന്ന കർത്താവായ യേശു 1 കൊരിന്ത്യർ 15:45 വ്യക്തമായി പ്രസ്താവിക്കുന്നതുപോലെ ജീവൻ നൽകുന്നവനായ ആത്മാവായി.
   b. ജീവൻ നൽകുന്ന ആത്മാവ് എന്ന നിലയിലാണ് അവന് നമ്മുടെ ജീവനും ജീവസഹായവുമായിരിക്കുവാൻ കഴിയുന്നത്.
   c. അവൻ ആത്മാവാകയാൽ, നമുക്ക് അവനെ സ്വീകരിക്കുവാനും നമ്മുടെ ഭക്ഷണമായി അവനെ ആഹരിക്കുവാനും സാധിക്കും

**വ്യാഴം:**

6. ജീവന്റെ വചനത്തിൽ ദേഹരൂപം എടുത്തിരിക്കുന്നു
   a. ക്രിസ്തു ജീവന്റെ അപ്പമായി ജീവന്റെ വചനത്തിൽ ദേഹരുപം എടുത്തിരിക്കുന്നു.
   b. ആത്മാവ് അത്ഭുതം നിറഞ്ഞതാണെങ്കിലും അത് വളരെ മാർമ്മികമാണ്. നമുക്ക് ദൃഢവും ദൃശ്യവും സുവ്യക്തവും സ്പർശ്യവുമായ ഒന്ന്-ജീവന്റെ വചനം- ആവശ്യമാണ്.
   c. വചനം നമുക്ക് പുറമേയുള്ളതാണ്. ഞാൻ വചനം എന്നിലേക്ക് സ്വീകരിക്കുമ്പോൾ, ഉടനെ അത് ആത്മാവായിത്തീരുന്നു. ഞാൻ വചനം സംസാരിക്കുമ്പോൾ ആത്മാവ് വീണ്ടും വചനമായിത്തിരുന്നു. നിങ്ങൾ വചനം നിങ്ങളിലേക്ക് സ്വീകരിക്കുമ്പോൾ വചനം ഒരി ക്കൽകുടി ആത്മാവാകുകയും, നിങ്ങൾ വചനം സംസാരിക്കുമ്പോൾ, അത് വീണ്ടും ആത്മാവാകുകയും ചെയ്യുന്നു
   d. നാം നമ്മുടെ പ്രവൃത്തിയുടെയും വേലയുടെയും കാര്യം കളഞ്ഞിട്ട് കർത്താവിനെ ഭക്ഷിക്കുവാൻ പഠിക്കുകയും, അവനിൽ നിന്ന് ഭക്ഷിച്ചതിനാൽ ജീവിക്കുകയും വേണം. ഇതാണ് നമ്മുടെ അനുദിന ജീവിതത്തിനുവേണ്ടിയുള്ള ജീവന്റെ ദിവ്യമാർഗ്ഗം

**വെള്ളി:**

**ചോദ്യങ്ങൾ:**

1. കടലിന്മീതെയുള്ള യേശുവിന്റെ നടപ്പ് എന്തിനെ സൂചിപ്പിക്കുന്നു
2. മനുഷ്യന് ജീവൻ നൽകുവാനായ് കർത്താവ് എടുത്ത ആറ് പടികൾ ഏതൊക്കെ. അവ ചുരുക്കത്തിൽ വിശദീകരിക്കുക.
3. കർത്താവ് അറുക്കപ്പെട്ടതിന്റെ പശ്ചാത്തലം വിവരിക്കുക
4. യോഹന്നാൻ 6-ൽ "ജീവന്റെയും" "ജീവനുള്ളതിനെയും" വ്യത്യാസം എന്ത്?
5. വചനം സ്വീകരിക്കുമ്പോഴും സംസാരിക്കുമ്പോഴും അന്തഃസ്ഥിതമായ് നടക്കുന്നത് എന്തെന്ന് വിവരിക്കുക.